അനുബന്ധം എച്ച് 4

നോട്ടീസ്

കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ നിന്നും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലേക്ക് അക്കൊമൊഡേറ്റ് ചെയ്ത ജനറൽ മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.പി.ജി.രമേശൻ എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവീസ് ചട്ടങ്ങൾ (തരം തിരിക്കൽ, നിയന്ത്രണം & അപ്പീൽ) വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർപത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള 02.01.2020 തീയതിയിലെ കുറ്റാരോപണമെമ്മോ/കുറ്റാരോപണപത്രിക എന്നിവ 04.01.2020 തീയതിയിലെ എസ്1/267/2018-ആരോഗ്യം നമ്പർ സർക്കാർ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്നത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ആയത് 21.01.2020 തീയതിയിലെ എൻ.സി/27738/2014/മെ.വി.ക.നമ്പർ കത്ത് പ്രകാരം താങ്കളുടെ വീട്ടുമേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ കുറ്റാരോപണമെമ്മോ/കുറ്റാരോപണപത്രിക എന്നിവ Addressee left എന്ന് രേഖപ്പെടുത്തി പോസ്റ്റൽ അധികൃതർ വകുപ്പിലേക്ക് തിരികെ നൽകുകയാണുണ്ടായത്. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർനടപടികൾ എടുക്കുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുമ്പ് ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

Rajan

രാജൻ നാംദേവ് ഖൊബ്രഗഡെ

പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

ഡോ. പി.ജി.രമേശൻ

അസോസിയേറ്റ് പ്രൊഫസർ, ജനറൽ മെഡിസിൻ വിഭാഗം

എറണാകുളം സർക്കാർ മെഡിക്കൽകോളേജ്.